## രണ്ടു ടാക്സിക്കാർ – നിത്യചൈതന്യ യതി

**ആമുഖം:** രണ്ടു ടാക്സിക്കാരുമായുള്ള സ്വന്തം അനുഭവങ്ങൾ വിവരിക്കുന്ന ഗുരു നിത്യചൈതന്യ യതിയുടെ ലേഖനമാണ് 'രണ്ടു ടാക്സിക്കാർ' എന്ന പാഠഭാഗം.

**ചോദ്യോത്തരങ്ങൾ**

1. "ടാക്സി റോഡരുകിൽ ചേർത്തുനിർത്തിച്ചിട്ട് ഞാൻകൂടി ഫ്രണ്ട്സീറ്റിൽ ഡ്രൈവറുടെ അടുത്ത് സ്ഥലം പിടിച്ചു". ഇങ്ങനെ ചെയ്യാൻ ലേഖകനെ പ്രേരിപ്പിച്ചത് എന്ത്?

ഉ: ബോംബെ പട്ടണത്തിലെ ഒരു ടാക്സിഡ്രൈവർ ജർമ്മൻ തത്ത്വചിന്തകനായ ഇമ്മാനുവൽ കാൻറിൻെറ പുസ്തകത്തിൽ നിന്നും സമുചിതമായ ഒരു ഉദ്ധരണി തെറ്റുകൂടാതെ പറയുന്നത് കേട്ടപ്പോൾ നിത്യചൈതന്യ യതി അതിശയിച്ചുപോയി. അയാൾ വെസ്റ്റേൺ ഫിലോസഫി എങ്ങനെയാണ് പഠിച്ചത് എന്നറിയാനുള്ള കൗതുകംകൊണ്ടാണ് യതി ടാക്സി റോഡരുകിൽ ചേർത്തു നിർത്തിച്ചിട്ട് ഫ്രണ്ട്സീറ്റിൽ ഡ്രൈവറുടെ അടുത്ത് സ്ഥലം പിടിച്ചത്.

2. ”പെട്ടെന്ന് തോന്നിയത് ലോകം തവിടുപൊടിയായി പോയെന്നാണ്“ – ഈ തോന്നലിന് കാരണമായ സന്ദർഭം ഏത്?

ഒരു ക്യാമ്പിൽ പങ്കെടുക്കാനായി കൽക്കട്ടയിലേക്ക് യാത്ര തിരിച്ച നിത്യചൈതന്യ യതിക്ക് മടക്കയാത്രയിൽ ഉണ്ടായ ഒരനുഭവമാണ് ഇവിടെ വിവരിക്കുന്നത്. ട്രെയിൻ യാത്രയ്ക്കിടയിൽ ഊണ് കൊണ്ടുവന്ന വെയിറ്റർക്ക് കൊടുക്കാനായി ചില്ലറ ഇല്ലാതെ വന്നപ്പോൾ റെയിൽവേ ബുക്ക്സ്റ്റാളിൽ നിന്നും ഒരു പുസ്തകം വാങ്ങാനായി യതി സ്റ്റേഷനിൽ ഇറങ്ങി. പുസ്തകം വാങ്ങി തിരിഞ്ഞുനോക്കിയ യതി കണ്ടത്, തന്നെ കൂട്ടാതെ ട്രെയിൻ യാത്രയാകുന്നതാണ്. തൻെറ സകലസാധനങ്ങളും തീവണ്ടിയിൽ നഷ്ടപ്പെട്ട യതിക്ക് ലോകം തവിടുപൊടിയായി പോകുന്നതുപോലെ അനുഭവപ്പെട്ടു. യതിയുടെ നിസ്സഹായാവസ്ഥ പ്രകടമാകുന്ന വരികളാണിവ.

3. താൻ വിവാഹം കഴിക്കാതിരുന്നതിനെപ്പറ്റി കർത്താർസിങ് യതിയോട് വെളിപ്പെടുത്തിയ കാരണം എന്തായിരുന്നു?

ഇന്ത്യാ-പാകിസ്ഥാൻ വിഭജനസമയത്ത് കർത്താർസിങിൻെറ അച്ഛനും ജ്യേഷ്ഠനും വധിക്കപ്പെട്ടു. എന്നാൽ അമ്മ എങ്ങനെയോ രക്ഷപ്പെട്ടു. ജീവരക്ഷാർഥം ബോംബെയിൽ എത്തിയ അദ്ദേഹത്തിന് ജീവിതത്തിന് ഒരർഥം നൽകിയത് അമ്മയെ പരിചരിക്കുന്നതിലുള്ള സന്തോഷമായിരുന്നു. അമ്മയോട് അദ്ദേഹത്തിനുള്ള ഭക്തിയും സ്നേഹവും ശ്രദ്ധയും മറ്റൊരാളുമായി പങ്കുവയ്ക്കാൻ കർത്താർസിങ് ആഗ്രഹിച്ചിരുന്നില്ല. അതുകൊണ്ടാണ് അയാൾ വിവാഹം കഴിക്കണ്ടായെന്ന് തീരുമാനിച്ചത്. അമ്മയോടുള്ള അയാളുടെ ആത്മാർപ്പണം അത്രയേറെ വിലപ്പെട്ടതായിരുന്നു.

* * *